ഫയൽ നീക്കം പൊതുജനങ്ങൾക്ക് ലഭ്യമാണ്. സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഐഡിയാസിൽ അപ്‌ലോഡ് ചെയ്യുന്നതിനാൽ പ്രസ്തുത ഉത്തരവുകൾ ഓൺലൈനായി ലഭിക്കുന്നതാണ്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. മുഖേനയാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

204 (6655) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സർക്കാർ വെബ്സൈറ്റുകൾ ഹാക്ക് ചെയ്തതായി പരാതി ലഭിച്ചാൽ അതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ഏതെല്ലാം കേന്ദ്ര ഏജൻസികളാണ് സഹായം നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) KSITM-ന് കീഴിലുള്ള CERT-K ടീം ഓരോ വർഷവും സംസ്ഥാന ഡാറ്റാ സെന്ററിൽ നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റ് ആപ്ലിക്കേഷൻ എന്നിവയ്ക്ക് സെക്യൂരിറ്റി ഓഡിറ്റിംഗ് ചെയ്യുകയും, അതിലെ പാകപ്പിഴകൾ അതതു വകുപ്പുകളെ അറിയിക്കുകയും ആയത് പരിഹരിക്കാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. പുതുതായി ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്യുന്ന വെബ്സൈറ്റ് ആപ്ലിക്കേഷന് സെക്യൂരിറ്റി ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റ് /ആപ്ലിക്കേഷൻ ഹാക്ക് ചെയ്യപ്പെട്ടാൽ CERT-Kerala എന്ന സംസ്ഥാന സർക്കാർ സ്ഥാപനം അവയുടെ ഇൻസിഡന്റ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കുകയും, എവിടെ നിന്നാണ് അറ്റാക്ക് വന്നു എന്നതും, ഏതു സെക്യൂരിറ്റി ബ്രീച്ച് ഉണ്ടായിഎന്നും കണ്ടുപിടിച്ച് State Cyber Cell-ന് റിപ്പോർട്ട് കൈമാറി പരാതി രജിസ്റ്റർ ചെയ്തുവരുന്നു. ടി റിപ്പോർട്ടിന്റെ പകർപ്പ് CERT-in എന്ന ഭാരത സർക്കാർ സ്ഥാപനത്തിനും കൈമാറുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെക്യൂരിറ്റിയും ഹാക്കിംഗ് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ CERT-k, കേന്ദ്ര സർക്കാർ സ്ഥാപനമായ CERT-in-നുമായി പങ്കുവയ്ക്കുകയും അവരുമായി നിരന്തര സമ്പർക്കം പുലർത്തുകയും ചെയ്യുന്നുമുണ്ട്. CERT-in ആവശ്യപ്പെടുന്ന സഹായങ്ങൾ CERT-k ചെയ്തുകൊടുക്കുന്നു. ഒരു വെബ്സൈറ്റ്/ആപ്ലിക്കേഷൻ ഹാക്ക് ചെയ്യപ്പെട്ടാൽ അതിന്റെ വിശദമായ റിപ്പോർട്ട് CERT-in-ന് അയച്ചുകൊടുക്കാറുണ്ട്.

(ഡി) വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ CERT-k ടീമിനെ നിയോഗിച്ചിട്ടുണ്ട്. KSITM-നു കീഴിലുള്ള CERT-k എന്ന സ്ഥാപനം സെക്യൂരിറ്റി ഓഡിറ്റിംഗ്, ഇൻഡിസന്റ് അനാലിസിസ്, പെനട്രേഷൻ ടെസ്റ്റിംഗ്, ഇൻസിഡന്റ് റെസ്പോൺസ്, വൾണറബിലിറ്റി അലെർട്ട്സ് എന്നിവ ചെയ്യുന്നുണ്ട്.

ഇ-പാസ് സംവിധാനം

205 (6656) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധാതുക്കളുടെ കൈകാര്യവും കൈമാറ്റവും നിയന്ത്രിക്കുവാൻ ഇ-പാസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ധാതുക്കളുടെ കള്ളക്കടത്ത് തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഈ സംവിധാനത്തിലുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) നിലവിൽ നടപ്പിലാക്കിയിട്ടില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) മുഖാന്തിരം ഇ-പാസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇ-പാസ് സംവിധാനം നിലവിൽ വരുമ്പോൾ ധാതുക്കളുടെ ഖനനം, സ്റ്റോക്ക്, വിപണനം, കടത്ത്, സർക്കാരിന് ലഭിക്കുന്ന റോയൽറ്റി തുടങ്ങിയ വരുമാനം എന്നിവയ്ക്കെല്ലാം ഒരു accountability-യും സുതാര്യതയും ഉണ്ടാകും. തന്മൂലം ഖനന മേഖലയിൽ ഇപ്പോൾ നിലവിലുള്ള എല്ലാവിധ ക്രമക്കേടുകളും നിയന്ത്രിക്കാൻ സാധിക്കും. അംഗീകൃത ധാതു ഉത്പാദകരും ധാതു വിപണനം നടത്തുന്നവരും വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും യൂസർ നെയിമും

LIBRARY ARCHIVES Kerala Legislative Assembly